**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1210 — 11-02-2016 -ൽ മറുപടിക്ക്

**ഓപ്പറേഷൻ അനന്ത**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോയിൻ കുട്ടി** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഓപ്പറേഷൻ അനന്തയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിയായ 'ഓപ്പറേഷൻ അനന്ത' യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പരിശോധിക്കുന്നതിനും അഞ്ച് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണാനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്ക് ഉപദേശകനായി ഇൻഫർമേഷൻ ടെക്നോളജി റിസർച്ച് അക്കാദമി തലവനായ ശ്രീ.ആർ. കെ. ദാവെ -യുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.<br>തിരുവനന്തപുരം നഗരത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശങ്ങളിൽ ഓടയിലെയും തോടുകളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിന് ഓടയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുകയും, ഓടകളുടെയും തോടുകളുടെയും മുകളിൽ ഉണ്ടായിരുന്ന അനധികൃത കയ്യേറ്റം, കെട്ടിടം, മതിലുകൾ എന്നിവ പൊളിച്ചു മാറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 അനുസരിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിലും വെള്ളം ഒഴുകി പോകാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പുതിയ ഓട നിർമ്മിച്ച് വെള്ളമൊഴുക്ക് സുഗമമാക്കുകയും ഓടകളിലും തോടുകളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തി വെള്ളമൊഴുക്ക് സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓടകളിലും തോടുകളിലും സ്ഥാപിച്ചിരുന്നതും വെള്ളമൊഴുക്കിന് |

| | | | |
|---|---|---|---|
| | | | തടസ്സമായി നിന്നിരുന്നതുമായ കേബിളുകൾ, KWA pipe line, ഇലക്ട്രിക് പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുകയും ടി ഭാഗങ്ങളിലെ റോഡിന്റെയും സംരക്ഷണ ഭിത്തികളുടെയും നവീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയ്ക്ക് ഇതുവരെ 22.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ 7 കുളങ്ങൾ/ തോടുകൾ നവീകരിക്കുന്നതിന് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി എന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ; | ബി) | തിരുവനന്തപുരം ജില്ലയിൽ ഓടകളിലും തോടുകളിലും സ്ഥാപിച്ചിരുന്നതും ജലനിർഗമനത്തിന് തടസ്സമായിരുന്നതുമായ കേബിളുകളും പൈപ്പുകളും, KSEB ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ, വെള്ളം ഒഴുകി പോകാൻ കഴിയാത്ത സ്ഥലങ്ങളിൽ പുതിയ ഓട നിർമ്മിച്ച പ്രവൃത്തികളും കനാലുകളുടെയും ഓടയുടെയും മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇത്തരം 33 പ്രവൃത്തികൾക്ക് 2,83,27,971/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ പടന്നതോട്, കണിച്ചിറ തോട്, ചെട്ടിയാർ കുളം നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 63,70,894/- രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |
| സി) | നവീകരിച്ച കനാലുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാതെയാണ് നവീകരണ പ്രവൃത്തികൾ നടത്തിയതെന്ന ആക്ഷേപം പരിശോധിക്കുമോ; | സി) | കനാലുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്തതിനുശേഷമാണ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. |
| ഡി) | മലിനജല നിർഗമന കനാലുകളിലെ എല്ലാ കൈയ്യേറ്റങ്ങളും കണ്ടെത്തി നിയമപ്രകാരം ഒഴിപ്പിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കുമോ? | ഡി) | കനാലുകളിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നത് 'ഓപ്പറേഷൻ അനന്ത'യുടെ പദ്ധതി ലക്ഷ്യമല്ല. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി, ജലനിർഗമന കനാലുകൾ വൃത്തിയാക്കുന്നതിന് തടസ്സമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിയമപ്രകാരം അനുവദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ